⇨ *മൈക്രോസോഫ്റ്റ് വിൻഡോസ് എക്സ്പി ഇറങ്ങിയത് 2001 ആഗസ്ത് മാസത്തിലാണ്* ⇨

# സ്വാതന്ത്ര്യം, പ്രകൃതി: ചില കമ്പ്യൂട്ടർ ചിന്തകൾ

ഏപ്രിൽ മാസത്തോടെ വിൻഡോസ് എക്സ്പിക്ക് നൽകിയിരുന്ന പിന്തുണ മൈക്രോസോഫ്റ്റ് അവസാനിച്ചിരിപ്പിക്കുയാണ്. പലർക്കും നിലവിൽ ഉപയോഗിച്ചുകൊണ്ടിരിക്കുന്ന കമ്പ്യൂട്ടർ ഉപേക്ഷിച്ച് പുതിയത് വാങ്ങേണ്ടുന്ന സാഹചര്യം വരുന്നു. പുതിയ കമ്പ്യൂട്ടർ വാങ്ങുന്നത് ഊർജ്ജ ഉപയോഗം കൂട്ടും, ഇലക്ട്രോണിക്ക് മാലിന്യങ്ങളുടെ അളവും കൂടും. ഈ സന്ദർഭത്തിൽ ചിന്തിക്കേണ്ട കാര്യങ്ങളെക്കുറിച്ച്

**സൂരജ് കേണോത്ത്**

**കഴിഞ്ഞ** ഏപ്രിൽ എട്ടാം തീയതി മൈക്രോസോഫ്റ്റ് വിൻഡോസ് എക്സ്പിക്ക് നല്കിയിരുന്ന പിന്തുണ അവസാനിച്ചിരിപ്പിക്കുയാണ്. ഇത് തരുന്ന ചില പാഠങ്ങളും ഗാഡ്ഗിൽ കസ്തൂരിരംഗൻ റിപ്പോർട്ടുകളുൾപ്പടെ പ്രകൃതി സംരക്ഷണത്തിന് വേണ്ടി നടത്തുന്ന മുറവിളികളും ആണ് ഈ ലേഖനത്തിന്റെ പിറിവിയിലേക്ക് നയിച്ചത്. ഒറ്റനോട്ടത്തിൽ ഒരു ബന്ധവും കാണില്ലെങ്കിലും ഒന്ന് ചിന്തിച്ചാൽ രസകരമായ പല കാര്യങ്ങളും ഇതിൽ കാണാൻ കഴിയും. അന്താരാഷ്ട്ര ഊർജ്ജ ഏജൻസിയുടെ (International Energy Agency - IEA) ഏകദേശകണക്കിൽ ലോകത്താകമാനം ഉത്പാദിപ്പിക്കുന്ന ഊർജ്ജത്തിന്റെ പതിനഞ്ച് ശതമാനത്തോളം ഉപയോഗിക്കപ്പെടുന്നത് കമ്പ്യൂട്ടറും മറ്റ് കൺസ്യൂമർ ഇലക്ട്രോണിക്ക് സാധനങ്ങൾക്കും വേണ്ടിയാണ്. നേരിട്ടുള്ള ഉപയോഗത്തെ കുറിച്ചാണിത്. എല്ലാ ഇലക്ട്രോണിക്ക് ഉപകരണങ്ങളും വൈദ്യുതിയിലാണ് പ്രവർത്തിക്കുന്നത്. മറ്റ് ഊർജ്ജരൂപങ്ങൾ വൈദ്യുതിയിലേക്ക് മാറ്റുമ്പോഴുള്ള അധിക ചിലവും, ഈ ഇലക്ട്രോണിക്ക് സാധങ്ങളുടെ നിർമ്മാണത്തിനും വിപണനത്തിനും വേണ്ടി ചിലവാക്കുന്ന ഊർജ്ജവും കൂടി കണക്കിലെടുക്കുമ്പോൾ പങ്ക് ഇനിയും കൂടാം. അതുകൂടാതെ നമ്മുടെ ഇലക്ട്രോണിക് വേസ്റ്റുകളിൽ നല്ലൊരു സംഭാവന കമ്പ്യൂട്ടറുകളുടേയും മൊബൈൽ ഫോണുകളുടേയും വകയാണ്. വിൻഡോസ് എക്സ്പിയുടെ പിന്തുണ പിൻവലിക്കുമ്പോൾ വലിയൊരു വിഭാഗം ആളുകൾ നിലവിൽ ഉപയോഗിച്ചുകൊണ്ടിരിക്കുന്ന കമ്പ്യൂട്ടർ ഉപേക്ഷിച്ച് പുതിയത് വാങ്ങേണ്ടി വരും. അങ്ങനെ ഇത് കൂടുതൽ ഇലക്ട്രോണിക്ക് വേസ്റ്റ് ഉണ്ടാക്കിയേക്കാം. അതോടൊപ്പം വേണ്ടത്ര ആലോചന ഇല്ലാതെ പുതിയ ഒരു കമ്പ്യൂട്ടർ വാങ്ങുന്നത് ഊർജ്ജ ഉപയോഗത്തേയും സ്വാധീനിക്കും.

മൈക്രോസോഫ്റ്റ് വിൻഡോസ് എക്സ്പി ഇറങ്ങിയത് 2001 ആഗസ്ത് മാസത്തിലാണ്. ഏകദേശം പന്ത്രണ്ട് വർഷം മുൻപ്. അതിന് ശേഷം സാങ്കേതിക വിദ്യ ഒരുപാട് മുന്നേറി. പലതും കാലഹരണപ്പെട്ടു തുടങ്ങി. അത്തരം മാറ്റങ്ങൾ ഉൾകൊണ്ടുകൊണ്ട് മൈക്രോസോഫ്റ്റ് പുതിയ ഓപറേറ്റിങ്ങ് സിസ്റ്റങ്ങൾ പലതും ഇറക്കി. അതിൽ ഏറ്റവും പുതിയത് വിൻഡോസ് 8.1 ആണ്. കാലഹരണപ്പെട്ടുകൊണ്ടിരിക്കുന്ന ഒരു സങ്കേതിക വിദ്യയിൽ നിന്നും പുതിയ ഒന്നിലേക്ക് മാറേണ്ടത് ഒരു ആവശ്യമാണ്. ഇതാണ് വിൻഡോസ് എക്

സ്പിക്കുള്ള പിന്തുണ പിൻവലിക്കുന്നതിനുള്ള കാരണമായി മൈക്രോസോഫ്റ്റ് ചൂണ്ടിക്കാണിക്കുന്നത്. ഇത് വിൻഡോസ് എക്സ്പിയുടെ ഉപയോക്താക്കളോട് മൈക്രോസോഫ്റ്റ് കാണിക്കുന്ന വഞ്ചനയാണെന്ന് സമർത്ഥിച്ചെടുക്കാൻ ബുദ്ധിമുട്ടാണ്. കാരണം മൈക്രോസോഫ്റ്റിന്റെ വാദപ്രകാരം ഉപയോക്താക്കളിൽ നിന്നും സോഫ്റ്റ്‌വെയർ ഉപയോഗിക്കാനുള്ള അനുമതിക്ക് വേണ്ടിയുള്ള പണം മാത്രമേ മൈക്രോസോഫ്റ്റ് ഈടാക്കുന്നുള്ളൂ. വിൻഡോസ് എക്സ്പി ലൈസൻസ് പ്രകാരം അതിന്റെ ഉപയോക്താക്കൾക്ക് നൽകുന്ന പരമാവധി വാറണ്ടി തൊണ്ണൂറ് ദിവസത്തേക്കാണ്. സാധാരണ ഗതി



യിൽ മറ്റ് കാരാറുകളൊന്നും (support agreements) തന്നെ സാധാരണ ഉപയോക്താക്കൾ എടുക്കാറുമില്ല. എങ്കിലും കഴിഞ്ഞ പന്ത്രണ്ട് വർഷമായി വിൻഡോസ് എക്സ്പിക്ക് വേണ്ടി സുരക്ഷയുമായി ബന്ധപ്പെട്ടതും അല്ലാത്തതുമായ എല്ലാ പുതുക്കലുകളും സൗജന്യമായി തന്നെ മൈക്രോസോഫ്റ്റ് അതിന്റെ ഉപയോക്താക്കൾക്ക് ലഭ്യമാക്കി. വിൻഡോസിന്റെ പുതിയ പതിപ്പുകളിറങ്ങിയിട്ടും കഴിഞ്ഞ ഏഴ് വർഷമായി മൈക്രോസോഫ്റ്റ് ഈ പതിവ് തുടർന്നു. പുതിയത് വരുമ്പോൾ പഴയതിനുള്ള പിന്തുണ അവസാനിപ്പിക്കുന്ന ഒരു പൊതുരീതിയിൽ നിന്ന് വ്യത്യസ്തമായ നിലപാടാണ് ഇക്കാര്യത്തിൽ സ്വീകരിച്ചതെന്നാണ് മൈക്രോസോഫ്റ്റ് അവകാശപ്പെടുന്നത്.

എന്നാൽ അതു മൈക്രോസോഫ്റ്റിന്റെ ഔദാര്യമൊന്നുമല്ല. കാരണം എക്സ്പിക്ക് ശേഷം മൈക്രോസോഫ്റ്റ് ഇറക്കിയ മുഖ്യധാര ഓപ്പറേറ്റിങ്ങ് സിസ്റ്റങ്ങൾ യഥാക്രമം വിൻഡോസ് വിസ്തയും വിൻഡോസ് സെവനും ആണ്. രണ്ടിനും കാര്യമായ സ്വാധീനം ഉണ്ടാക്കാൻ സാധിച്ചിരുന്നില്ല. ഈ സമയം സ്വതന്ത്ര സോഫ്റ്റ്‌വെയറിൽ കാര്യമായ മുന്നേറ്റം നടക്കുകയും ചെയ്തു. ലോകത്തിലെ നല്ലൊരു പങ്ക് സർക്കാർസ്ഥാപനങ്ങളും സർക്കാറിതരസ്ഥാപനങ്ങളും ഔദ്യോഗികമായി തന്നെ സ്വതന്ത്രസോഫ്റ്റ്‌വെയറിലേക്ക് മാറി. ഈ സാഹചര്യത്തിൽ വിൻഡോസ് എക്സ്പിയുടെ പിന്തുണ പിൻവലിക്കാതിരിക്കുന്നത് നിലനിൽപിനുള്ള സമരം കൂടി ആയിരുന്നു. 2007ൽ വിസ്ത ഇറങ്ങിയതിനു ശേഷം 2008 മുതൽ എക്സ്പി പിൻവലിക്കാൻ തുടങ്ങിയെങ്കിലും പൂർണ്ണമായും എക്സ്പിയുടെ വിപണനം നിർത്തിയത് 2011ൽ വിൻഡോസ് 8 ന്റെ വരവിന് മുന്നോടിയായി മാത്രമാണ്. സ്വതന്ത്രസോഫ്റ്റ്‌വെയറുകളും എക്സ്പിയും ഒരുപോലെ വിൻഡോസ് 8ന്റെ ശത്രുക്കളായേക്കും എന്ന് കരുതി ശത്രുക്കളിലൊന്നിനെ അവസാനിപ്പിച്ചു. ആ സമയം ആയപ്പോഴേക്കും പുതിയ ഭീഷണയുമായി ഗൂഗിളും രംഗത്തെത്തി. ഇന്ന് വിൻഡോസ് എക്സ്പി മൈക്രോസോഫ്റ്റിന് ചിലവല്ലാതെ വരവൊന്നുമുണ്ടാക്കുന്നില്ല എന്ന് വേണം കരുതാൻ. അതുകൊണ്ടുതന്നെ അവർ അതിനുള്ള പിന്തുണയും അവസാനിപ്പിക്കുന്നു. മുങ്ങുന്ന കപ്പലിൽ അത്യാവശ്യമല്ലാത്തത് കളഞ്ഞ് ഭാരം കുറയ്ക്കുന്നത് പോലെ.

ഇങ്ങനെയൊക്കെയാണെങ്കിലും ഏപ്രിൽ എട്ടിന് ശേഷവും വിൻഡോസ് എക്സ്പി ഉപയോഗിക്കാൻ മൈക്രോസോഫ്റ്റ് സൗകര്യം ചെയ്യുന്നുണ്ട്. അതുവരെ ഉള്ള മാറ്റങ്ങൾ തുടർന്നും മൈക്രോസോഫ്റ്റിന്റെ വെബ്സൈറ്റിൽ നിന്നും ലഭ്യമാക്കുകയും ചെയ്യും എന്നാണ് മൈക്രോസോഫ്റ്റ് ഔദ്യോഗിക വെബ്സൈറ്റിൽ പറയുന്നത്. എന്നാൽ ഈ രീതിയിൽ വിൻഡോസ് എക്സ്പി ഉപയോഗിക്കുന്നത് ഒട്ടും അഭിലഷണീയമല്ല എന്ന് മൈക്രോസോഫ്റ്റ് തന്നെ പറയുന്നു. ഒരു സോഫ്റ്റ്‌വെയറും പ്രശ്നങ്ങളില്ലാത്തതല്ല. പ്രശ്നങ്ങൾ പറയുമ്പോഴാണ് പരിഹരിക്കുന്നത്. ഏപ്രിൽ എട്ടിന് ശേഷം വിൻഡോസ് എക്സ്പിയിലെ പുതിയ പ്രശ്നങ്ങൾക്ക് മൈക്രോസോഫ്റ്റ് പരിഹാരം തരുന്നതല്ല. അത് നിങ്ങളുടെ കമ്പ്യൂട്ടറിന്റെ സുരക്ഷയെ ബാധിക്കും. അതുകൂടാതെ പുതിയ പല സോഫ്റ്റ്‌വെയറുകളും ഇനിമുതൽ വിൻഡോസ് എക്സ്പിയെ പിന്തുണയ്ക്കില്ല. അപ്പോൾ ശരിയായ പരിഹാരം പുതിയ ഓപ്പറേറ്റിങ്ങ് സിസ്റ്റ

ത്തിലേക്ക് മാറുക എന്നത് തന്നെയാണ്. മൈക്രോസോഫ്റ്റിന്റെ നിർദ്ദേശം അനുസരിച്ച് മുന്നോട്ട് നീങ്ങുകയാണെങ്കിൽ നമ്മൾ വിൻഡോസ് 8.1 ആണ് വാങ്ങേണ്ടത്. ഇത് ഉപയോഗിക്കാൻ ചുരുങ്ങിയത് 1GB RAM ഉം 1GHzന്റെ പ്രോസസ്സറും വേണം. എന്നാൽ മറ്റ് അനുബന്ധ സോഫ്റ്റ്‌വെയറുകൾ ചേരുമ്പോൾ ഇത് മതിയാകാതെ വന്നേക്കാം. നിങ്ങളുടെ കമ്പ്യൂട്ടർ അല്പം പഴയതാണെങ്കിൽ അത് മാറ്റി പുതിയൊന്ന് വാങ്ങിയേ മതിയാവൂ. പുതിയ ഒരു കമ്പ്യൂട്ടർ വാങ്ങുന്നത് ചിലപ്പോൾ നിങ്ങളുടെ വൈദ്യുതി ചിലവ് കുറയ്ക്കാൻ സഹായിച്ചേക്കും. എങ്കിലും നിങ്ങളുടെ തിരഞ്ഞെടുപ്പ് അനുസരിച്ചിരിക്കും അത്. എന്തായാലും മൈക്രോസോഫ്റ്റ് പറയുന്നതിന് അനുസരിച്ച് നിങ്ങൾ നിങ്ങളുടെ കമ്പ്യൂട്ടർ മാറ്റി വാങ്ങേണ്ടതാണ്. ഇന്നത്തെ മാർക്കറ്റ് (2014മാർച്ച് 28) വില വെച്ച് 6000രൂപമുതലാണ് വിൻഡോസ് 8.1ന് വേണ്ടി മുടക്കേണ്ടത്. ഏറ്റവും ചെറിയ കോൺഫിഗറേഷനിലുള്ള കമ്പ്യൂട്ടറും ഓപ്പറേറ്റിങ്ങ് സിസ്റ്റവും കൂടിയാവുമ്പോൾ വില 22000 രൂപ അടുത്ത് വരും. മൈക്രോസോഫ്റ്റ് ഓഫീസ് സ്യൂട്ട് കൂടി വേണം എന്നുണ്ടെങ്കിൽ ഒരു 5000 രൂപയും പിന്നെ ടെക്നീഷ്യന് കൊടുക്കേണ്ടുന്ന ഒരു 500 രൂപയും. ഇതിനെല്ലാം പുറമെ നിങ്ങളുടെ പഴയ കമ്പ്യൂട്ടർ സുരക്ഷിതമായി നിർമ്മാർജ്ജനം ചെയ്യാനുള്ള വഴിയും നിങ്ങൾ കണ്ടെത്തണം.

## സ്വതന്ത്ര സോഫ്റ്റ്‌വെയറിന്റെ പ്രായോഗിക പ്രസക്തി

ഇവിടെയാണ് സ്വതന്ത്രസോഫ്റ്റ്‌വെയറിന്റെ പ്രായോഗിക പ്രസക്തി. നിങ്ങളുടെ നിലവിലുള്ള കമ്പ്യൂട്ടറിനനുസരിച്ച് ഓപ്പറേറ്റിങ്ങ് സിസ്റ്റത്തിൽ മാറ്റം വരുത്താം എന്നതാണ് ഇതിന്റെ മെച്ചം. ആന്റീവൈറസ് പ്രോഗ്രാമുകളും മറ്റും ഉപയോഗിച്ചില്ലെങ്കിലും വലിയ കുഴപ്പമില്ലാത്തത് കൊണ്ടുതന്നെ കമ്പ്യൂട്ടറിന്റെ മുഴുവൻ ശേഷിയും നിങ്ങളുടെ ആവശ്യങ്ങൾക്ക് ഉപയോഗിക്കാം. 512MBRAMഉം 800MHzന്റെ പ്രോസസ്സറും ഉള്ള കമ്പ്യൂട്ടറിൽ പോലും സാമാന്യം നന്നായി ഗ്നൂ/ലിനക്സ് സിസ്റ്റവും അത്യാവശ്യം വേണ്ട സോഫ്റ്റ്‌വെയറുകളും ഓടിക്കാവുന്നതാണ്. നിലവിലുള്ള കമ്പ്യൂട്ടർ ഉപേക്ഷിക്കേണ്ടതില്ല. സോഫ്റ്റ്‌വെയറുകൾ ഇന്റർനെറ്റിൽ നിന്നോ അല്ലാതെയോ സൗജന്യമായി സ്വന്തമാക്കാം. നമ്മുടെ നാട്ടിൽ വലിയൊരു വിഭാഗം ആളുകൾ കമ്പ്യൂട്ടർ ഉപയോഗിക്കുന്നത് രേഖകൾ തയ്യാറാക്കുക, കത്തയക്കുക തുടങ്ങിയ ഓഫീസ് ആവശ്യങ്ങൾക്കും സ്വകാര്യഇന്റർനെറ്റ് ഉപയോഗം, പാട്ട് കേൾക്കൽ, സിനിമ കാണൽ തുടങ്ങിയവയ്ക്കുമാണ്. ചെറിയ തരത്തിലുള്ള ഫോട്ടോ എഡിറ്റ് ഉൾപ്പടെ ഇത്തരം കാര്യങ്ങൾക്ക് ഈ കമ്പ്യൂട്ടർ ധാരാളമാണ്. ആവശ്യങ്ങൾ കൂടുതലാണെങ്കിൽ ആവശ്യം അനുസരിച്ച് ഒരു കമ്പ്യൂട്ടർ വാങ്ങുകയും ആവാം.

## നേട്ടങ്ങൾ തീരുന്നില്ല

സ്വതന്ത്രസോഫ്റ്റ്‌വെയറിലേക്ക് മാറുന്നതിലെ നേട്ടങ്ങളിൽ ചിലത് മുകളിൽ തന്നെ വിവരിച്ചിട്ടുണ്ട് എങ്കിലും ചിലത് എടുത്ത് പറയാം. ഏറ്റവും പ്രധാനം ഒരു ഓപ്പറേറ്റിങ്ങ് സിസ്റ്റം ഉണ്ടാക്കുന്ന കമ്പനി പറയുന്നതനുസരിച്ചല്ല, ആവശ്യത്തിനനുസരിച്ചുള്ള കമ്പ്യൂട്ടർ വാങ്ങിയാൽ മതിയാകും. അതുകൂടാതെ ഊർജ്ജവിനിയോഗം വളരെ കുറഞ്ഞ ARMSoC(ആൻഡ്രോയിഡ് ഫോണിലും ടാബ്ലറ്റ് കമ്പ്യൂട്ടറുകളിലും വരുന്ന പ്രോസസ്സറുകൾ) അടിസ്ഥനമായുള്ള കുഞ്ഞൻ കമ്പ്യൂട്ടറുകളിൽ (single board computer) പോലും ഗ്നൂ/ലിനക്സ് ഇൻസ്റ്റാൾ ചെയ്തെടുക്കാം. അതായത് പുതിയ ഒരു കമ്പ്യൂട്ടർ വാങ്ങേണ്ടി വരികയാണെങ്കിൽ കൂടുതൽ ഊർജ്ജക്ഷമമായ ഒന്നാക്കാം. എടുത്ത് പറയേണ്ടുന്ന മറ്റൊരു പ്രധാന നേട്ടം ഭാഷ പിന്തുണയാണ്. ലോകത്ത് ഏറ്റവും നന്നായി ഭാരതീയ ഭാഷ പ്രത്യേകിച്ച് മലയാളം പിന്തുണയ്ക്കുന്ന ഓപ്പറേറ്റിങ്ങ് സിസ്റ്റം ഗ്നൂ/ലിനക്സ് തന്നെയാണ്. കൂടാതെ പ്രാദേശികവത്കരിക്കാനും മറ്റുമാറ്റങ്ങൾ വരുത്താനും എളുപ്പമാണ്. കമ്പനി പിന്തുണ നിർത്തിയാൽ എന്തുചെയ്യും എന്ന് ഭയപ്പെടേണ്ട ആവശ്യവും ഇല്ല. കാരണം സ്വതന്ത്ര സോഫ്റ്റ്‌വെയർ പ്രൊജക്റ്റുകൾ മിക്കതും നിയന്ത്രിക്കുന്നത് ഉപയോക്തൃ കൂട്ടായ്മകളാ

> ലോകത്ത് ഏറ്റവും നന്നായി ഭാരതീയ ഭാഷ പ്രത്യേകിച്ച് മലയാളം പിന്തുണയ്ക്കുന്ന ഓപ്പറേറ്റിങ്ങ് സിസ്റ്റം ഗ്നൂ/ലിനക്സ് തന്നെയാണ്. കൂടാതെ പ്രാദേശിക വത്കരിക്കാനും മറ്റുമാറ്റങ്ങൾ വരുത്താനും എളുപ്പമാണ്. കമ്പനി പിന്തുണ നിർത്തിയാൽ എന്ത് ചെയ്യും എന്ന് ഭയപ്പെടേണ്ട ആവശ്യവും ഇല്ല. കാരണം സ്വതന്ത്ര സോഫ്റ്റ്‌വെയർ പ്രൊജക്റ്റുകൾ മിക്കതും നിയന്ത്രിക്കുന്നത് ഉപയോക്തൃ കൂട്ടായ്മകളാണ്

⇨ വ്യത്യാസം കുത്തക സോഫ്റ്റ്‌വെയറുകളിൽ പലതും യഥാർത്ഥത്തിൽ സോഫ്റ്റ്‌വെയർ സോലുഷനുകളാണ് ⇨



ണ്. സാമാന്യം വലിയ ഒരു കൂട്ടായ്മ ഉള്ള സോഫ്റ്റ്‌വെയറിന്റെ പിന്തുണ അങ്ങനെ പെട്ടന്ന് നിൽക്കാറില്ല. സ്വതന്ത്രസോഫ്റ്റ്‌വെയറുകളിൽ ഏറ്റവും വ്യാപകമായി ഉപയോഗിച്ചിരുന്ന ഒരു ഓഫീസ് സ്യൂട്ടായ ഓപ്പൺ ഓഫീസിന്റെ ഉടമകൾ സൺ മൈക്രോസിസ്റ്റം ആയിരുന്നു. 2010ൽ സണ്ണിനെ ഒറാക്കിൾ കോർപ്പറേഷൻ ഏറ്റെടുക്കുകയും 2011 ഏപ്രിലോടുകൂടി ഓപ്പൺ ഓഫീസിന്റെ പിന്തുണ അവസാനിപ്പിക്കുയും ചെയ്തു. പക്ഷേ അതിനുള്ള നടപടികൾ തുടങ്ങും മുന്നേ തന്നെ സ്വതന്ത്രസോഫ്റ്റ്‌വെയർ ലൈസൻസിലുള്ള അതിന്റെ കോഡുപയോഗിച്ച് ലിബ്രേ ഓഫീസ് എന്ന് പേരിൽ പുതിയ പ്രൊജക്റ്റ് തുടങ്ങി. അങ്ങനെ അതേ സോഫ്റ്റ്‌വെയർ മറ്റൊരു പേരിൽ ലഭ്യമായി. ഇത്തരത്തിൽ അല്ലാതേയും ചില തുടർച്ചകളുണ്ട്. സ്വതന്ത്രസോഫ്റ്റ്‌വെയറുകളിൽ വളരെ വ്യാപകമായ ഉപയോഗിക്കുന്ന ഡെസ്ക്ടോപ്പ് എൻവിയോൺമെന്റുകളായ KDEയുടേയും GNOMEന്റെയും പുതിയ ലക്കങ്ങളായ KDE4ഉം GNOME3ഉം പരമ്പരാഗത സങ്കൽപ്പത്തിൽ നിന്ന് ഒരുപാട് മാറിയുള്ളതാണ്. അതിഷ്ടപ്പെടാതിരുന്ന ഒരു വലിയൊരു ഭാഗം ഉപയോക്താക്കൾ യഥാക്രമം ട്രിനിറ്റി, മേറ്റ് എന്നീ പേരുകളിൽ KDE3ഉം GNOME2ഉം അടിസ്ഥാനപ്പെടുത്തിയുള്ള പ്രൊജക്റ്റ് തുടരുന്നു. ചുരുക്കത്തിൽ ഏറ്റവും പുതിയ സങ്കേതിക വിദ്യകൾ പഠിക്കാനും പരീക്ഷിക്കാനും സൗകര്യവും ഉള്ളപ്പോൾ തന്നെ ഇഷ്ടപ്പെടാത്ത ഒരുമാറ്റം വന്നാൽ അതിൽ നിന്ന് മാറി നിൽക്കാനും സാധിക്കുന്നു.

## പരിമിതികളുമുണ്ട്

ഇങ്ങനെയെല്ലാം ആണെങ്കിലും സ്വതന്ത്രസോഫ്റ്റ്‌വെയറുകൾക്കും അവയുടേതായ ചില പരിമിതികളും പ്രത്യേകളും ഒക്കെയുണ്ട്. കുത്തക സോഫ്റ്റ്‌വെയറുകളെ (proprietary software) സമീപിക്കുന്നത് പോലെ സ്വതന്ത്രസോഫ്റ്റ്‌വെയറുകളെ സമീപിച്ചാൽ ഒരു പക്ഷേ നിരാശയാകും ഫലം. ഫോട്ടോഷോപ്പ്, ഓട്ടോകാഡ്, തുടങ്ങി സാമാന്യം ഉപയോഗിച്ച് കണ്ടുവരുന്നതായ പല സോഫ്റ്റ്‌വെയറുകളും ഗ്നൂ/ലിനക്സിൽ പ്രവർത്തിക്കുകയില്ല. എന്നാൽ അവ ഉപയോഗിച്ച് ചെയ്യുന്ന മിക്കകാര്യങ്ങളും ഒരുപക്ഷേ അതിലും ഭംഗിയായി ഗ്നൂ/ലിനക്സിൽ ചെയ്തെടുക്കാം. ഇവിടെ വരുന്ന വ്യത്യാസം കുത്തക സോഫ്റ്റ്‌വെയറുകളിൽ പലതും യഥാർത്ഥത്തിൽ സോഫ്റ്റ്‌വെയർ സോലുഷനുകളാണ്. അതുകൊണ്ട് തന്നെ പലപ്പോഴും ചില ആവശ്യങ്ങൾ അതുവഴി നേരിട്ട് നടത്തപ്പെടും. എന്നാൽ പല സ്വതന്ത്രസോഫ്റ്റ്‌വെയറുകളും കേവലം സോഫ്റ്റ്‌വെയറുകൾ മാത്രമായിട്ടാണ് വരുന്നത്. ഒരു പണിമാത്രം ചെയ്യുക, അത് ഏറ്റവും ഭംഗിയായി ചെയ്യുക എന്ന പ്രത്യേക തത്വചിന്തയാണ് ഇത്തരം പ്രൊജക്റ്റുകളിൽ ഉള്ളത്. അതിനാൽ ഉള്ള സോഫ്റ്റ്‌വെയറിൽ നിങ്ങളുടെ വിവരങ്ങൾ ചേർക്കുമ്പോഴോ ഒന്നിലധികം സോഫ്റ്റ്‌വെയറുകൾ പരസ്പരം ബന്ധപ്പെടുത്തി ചേർത്തടുക്കിയാലോ ആണ് ചിലപ്പോൾ നിങ്ങളുടെ ആവശ്യം നടക്കുക. ഇത്തരത്തിൽ നമ്മുടെ ആവശ്യങ്ങൾ നിറവേറുന്ന തരത്തിൽ സോഫ്റ്റ്‌വെയറുകളെ അടുക്കുന്നതും (configure) ഒരുക്കുന്നതും (customise) അതുപയോഗിക്കാൻ പഠിക്കുന്നതും രണ്ട് തരത്തിൽ ചെയ്യാം. അല്പം മനസ്സുണ്ടെങ്കിൽ അത് സ്വയം ചെയ്യാം. അതല്ല എന്നുണ്ടെങ്കിൽ വിദഗ്ദ്ധരുടെ സഹായം തേടാം.

## സഹായം തേടൽ

മറ്റൊരാളുടെ സഹായം തേടുമ്പോൾ അത് രണ്ട് തരത്തിൽ നേടിയെടുക്കാം. ഒന്ന് സമാനമനസ്കരായ ആളുകളുമായി ഇടപെട്ട് ലഭിക്കുന്ന പരസ്പര സഹായം. FSUG TVM, ilug cochin, FSUG Calicut എന്നിവ കേരളത്തിനകത്തു നിന്ന് തന്നെയുള്ള പ്രമുഖ ഉപയോക്തൃക്കൂട്ടായ്മകളാണ്. അതുകൂടാതെ ഗവൺമെന്റ് എഞ്ചിനീയറിങ്ങ് കോളേജ് തൃ

ശ്ശൂർ, ഗവൺമെന്റ് എഞ്ചിനീയറിങ്ങ് കോളേജ് തിരുവനന്തപുരം, എം.ഇ.എസ് കുറ്റിപ്പുറം, വിദ്യാ അക്കാദമി തൃശ്ശൂർ, തുടങ്ങിയ സ്ഥാപനങ്ങളും സർക്കാർ സ്കൂളുകളിലെ വിദ്യാർത്ഥികളും ഐടി അധ്യാപകരും ആശ്രയിക്കാവുന്ന ഇടങ്ങളാണ്. IT@School എന്ന ലിനക്സ് അധിഷ്ഠിത ഓപ്പറേറ്റിങ്ങ് സിസ്റ്റത്തിന്റെ പ്രഭവ കേന്ദ്രമായ സ്പേസും സഹായം ലഭിക്കുന്ന ഒരിടമാണ്. രണ്ടാമത്തെ രീതി പണം കൊടുത്ത് സഹായം നേടുന്നതാണ്. ഹ്രസ്വകാലത്തേക്കോ ദീർഘ കാലത്തേക്കോ കരാർ അടിസ്ഥാനമാക്കിയുള്ള പിന്തുണ ഉറപ്പ് വരുത്താൻ കേരളത്തിനകത്തും പുറത്തും ചെറുതും വലുതുമായ സ്ഥാപനങ്ങളും വ്യക്തികളും ധാരളമായുണ്ട്. കൂടാതെ കനോനിക്കൽ ലിമിറ്റഡ് (ഉബുണ്ടു) റെഡ്ഹാറ്റ് തുടങ്ങി അന്താരാഷ്ട്രതലത്തിൽ പ്രവർത്തിക്കുന്ന ഭീമൻമാരുടെ സഹായവും സമാനമായ രീതിയിൽ ലഭ്യമാക്കാവുന്നതാണ്. ഒരോന്നിനും അതിന്റേതായ നേട്ടങ്ങളും കോട്ടങ്ങളും ഉണ്ട്.

പ്രിന്ററും ലാപ്പ്ടോപ്പും പ്രിന്ററും ഉൾപ്പടെ പല ഹാർഡ്‌വെയറുകൾക്കും ഉള്ള സ്വതന്ത്ര സോഫ്റ്റ്‌വെയർ പിന്തുണയാണ് ശ്രദ്ധിക്കേണ്ട മറ്റൊരു പ്രധാന കാര്യം. പഴയ ഹാർവെയറുകൾ ഉപയോഗിക്കാനുള്ള പലവിധ പ്രതിവിധികൾ ഒരുപാട് പേർ ചെയ്തിട്ടുണ്ട്. വിപണിയിൽ നിന്ന് അപ്രത്യക്ഷമായ മോഡലുകൾക്ക് വരെ ചില അവസരങ്ങളിൽ പിന്തുണ ലഭിക്കുന്നുണ്ട്. അത്തരം പ്രതിവിധികൾ ഡെബിയൻ, ഉബുണ്ടു, ആർച്ച് ലിനക്സ് തുടങ്ങിയവയുടെ ഉപയോക്തൃഫോറത്തിൽ നിന്നും അവരുടെ തന്നെ വെബ് സൈറ്റിലെ മറ്റ് ലേഖനങ്ങളിൽ നിന്നും ലഭിക്കുന്നതാണ്. എന്നാൽ പുതിയ ഒരു ഹാർഡ്‌വെയർ വാങ്ങുമ്പോൾ സ്വതന്ത്രസോഫ്റ്റ്‌വെയർ പിന്തുണ ഉള്ളത് തന്നെ തിരിച്ചറിയുന്നതും തിരഞ്ഞെടുക്കുന്നതും ആണ് പ്രധാനം. കേരള സർക്കാർ ഉൾപ്പടെ പല സർക്കാരുകളും ഔദ്യോഗികമായി തന്നെ സ്വതന്ത്ര സോഫ്റ്റ്‌വെയറിലേക്ക് നീങ്ങിയത് സ്വതന്ത്രസോഫ്റ്റ്‌വെയർ പിന്തുണ ഉള്ള സാധനങ്ങൾ വിപണിയിലെത്തിക്കാൻ നിർമ്മാതാക്കളെ നിർബന്ധിതമാക്കിയിട്ടുണ്ട്. അതുകൊണ്ട് തന്നെ ഒരു ലാപ്പ്ടോപ്പോ പ്രിന്ററോ വാങ്ങുമ്പോൾ ഗ്നൂ/ലിനക്സിൽ പ്രവർത്തിക്കുമെന്ന് ഉറപ്പുവരുത്താവുന്നതാണ്. ഒന്നുകിൽ ഉപയോഗിക്കുന്നവരോട് ചോദിച്ചറിയാം അല്ലെങ്കിൽ പ്രവർത്തനം കണ്ട് ബോധ്യപ്പെട്ട് വാങ്ങാം. സ്വതന്ത്രസോഫ്റ്റ്‌വെയർ പിന്തുണ ഉള്ള സാധനങ്ങൾ പ്രത്യേകം വിൽക്കുന്ന സ്ഥാപനങ്ങൾ വരെ തിരുവനന്തപുരം, എറണാകുളം തുടങ്ങിയ നഗരങ്ങളിൽ ഉണ്ട്. അതായത് കാര്യങ്ങൾ പഴയതുപോലെയല്ല. സ്വതന്ത്രസോഫ്റ്റ്‌വെയർ ഉപയോഗിച്ച് തുടങ്ങാൻ ഇനി അധികം പ്രയാസപ്പെടേണ്ടതില്ല.

## മാലിന്യങ്ങളും കുറയ്ക്കാം

ഇത്രയും പറഞ്ഞത് ഊർജ്ജ ഉപയോഗവും സ്വാതന്ത്ര്യവും സങ്കേതികതയും മുൻനിർത്തിയുള്ള ചില വീക്ഷണങ്ങളാണ്. എന്നാൽ ഇതുകൂടാതെ നല്ലൊരൊളവിൽ പ്ലാസ്റ്റിക്, കടലാസ് മാലിന്യങ്ങൾ കുറയ്ക്കാനും സ്വതന്ത്രസോഫ്റ്റ്‌വെയർ സഹായിക്കുന്നു. മിക്ക സോഫ്റ്റ്‌വെയറുകളും സിഡികളിലോ ഡിവിഡികളിലോ ആണ് വരുന്നത്. അതല്ലാതെ കിട്ടിയാലും പ്രോപ്രൈറ്ററി ഓപ്പറേറ്റിങ്ങ് സിസ്റ്റം ഇൻസ്റ്റാൾ ചെയ്യാൻ ചിലപ്പോൾ അവയെ സിഡിയിലോ ഡിവിഡിയിലോ ആക്കിയേ മതിയാവൂ. പഴയ വേർഷൻ മാറി പുതിയത് വരുമ്പോൾ മിക്കപ്പോഴും പഴയ ഡിസ്ക്ക് ഉപയോഗശൂന്യമായിത്തീരുകയും ചെയ്യും. ഓരോ വർഷവും ലക്ഷകണക്കിന് സിഡികളും ഡിവിഡികളും ആണ് ഉപയോഗശൂന്യം എന്ന് പറഞ്ഞ് ഇത്തരത്തിൽ തള്ളേണ്ടി വരുന്നത്. അതുകൂടാതെ ഈ ഡിസ്ക്കുകളിൽ മിക്കതും വിപണിയിലെത്തുന്നത് ഒരുപാട് വർണ്ണകടലാസുകളിൽ പൊതിഞ്ഞാണ്. അതുണ്ടാക്കുന്ന മാലിന്യങ്ങളും അത്തരം ആവശ്യങ്ങൾക്ക് വേണ്ടി ഇല്ലാതാക്കുന്ന മരങ്ങളേയും തള്ളിക്കളയാനാവില്ല. അതേ സമയം ഒരു സ്വതന്ത്രസോഫ്റ്റ്‌വെയർ ഉപയോഗിച്ച് തുടങ്ങാൻ ഇത്തരത്തിൽ ഒരു സിഡിയുടെയോ ഡിവിഡിയുടേയോ സഹായം ഒരു നിർബന്ധമേ അല്ല. സൗകര്യം പോലെ പെൻഡ്രൈവിലോ മെമ്മറി കാർഡിലോ ഹാർഡ് ഡിസ്കിലോ എവിടെ വേണേലും സൂക്ഷിക്കാം, കൊണ്ട് നടക്കാം, അവിടന്ന് തന്നെ ഇൻസ്റ്റാൾ ചെയ്യുകയും ആവാം. അത് കൈമാറുന്നതിനോ പകർത്തുന്നതിനോ ഒന്നും ഒരു തടസവുമില്ല. അതായത് കൂടുതൽ എളുപ്പത്തിൽ, കുറഞ്ഞ ചിലവിൽ നിങ്ങൾക്ക് അത് സ്വന്തമാക്കാം. സിഡികൾ പോലെ ഒരിക്കൽ മാത്രം ഉപയോഗിക്കാൻ പറ്റുന്ന (Disposable) പ്ലാസ്റ്റിക്കുകൾ ഉപേക്ഷിക്കാം.

അപ്പോ ഇനി എന്ത് തന്നെയാലും പുതിയ ഒരു ഓപ്പറേറ്റിങ്ങ് സിസ്റ്റത്തിലേക്ക് മാറണം. പഠിക്കാനും ശീലിക്കാനും അല്പം സമയം കണ്ടെത്തുകയും വേണം. അല്പം മനസ്സ് വെക്കുകയും കൂടി ചെയ്താൽ സ്ഥിരമായ പിന്തുണ ഉറപ്പ് വരുത്താവുന്ന, നമ്മുടെ വരുതിയിൽ നിൽക്കുന്ന, പ്രകൃതി സംരക്ഷണത്തിന് ഉദകുന്ന ഒരു രീതിയിലേക്ക് മാറുന്നതല്ലേ കൂടുതൽ നല്ലത്? ■